5. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 924-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും.

6. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2611, 2613 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2618, പന്ത്രണ്ടാം സമ്മേളനത്തിലെ 2900, 3036, 3046 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

8. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1263, പതിമൂന്നാം സമ്മേളനത്തിലെ 2862 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും.

VIII ക്രമപ്രശ്നം

1. നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം

ശ്രീ. സി. ദിവാകരൻ : സർ, നിയമസഭാ നടപടിക്രമങ്ങളിൽ സംഭവിച്ച നിയമങ്ങളുടേയും ചട്ടങ്ങളുടേയും ലംഘനമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. 27-7-2015-ൽ നിയമസഭയിൽ പാസ്സാക്കിയ 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബിൽ (ബിൽ നമ്പർ 346) നിയമാനുസൃതമല്ല. ഭരണഘടനയുടെ 198-ാം വകുപ്പുപ്രകാരം മണി ബില്ലായിട്ടാണ് 2008-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ ആക്ടിൽ മാറ്റംവരുത്തിക്കൊണ്ട് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അവതരിപ്പിച്ച് പാസ്സാക്കിയിരിക്കുന്നത്. പ്രസ്തുത ബിൽ Rules of Business പ്രകാരം റവന്യൂ വകുപ്പാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. കാരണം മൂലബിൽ ഭൂമി സംബന്ധമായ വിവരങ്ങൾ അടങ്ങിയതായതിനാൽ റവന്യൂ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. ബന്ധപ്പെട്ട ബില്ലിലെ ഭേദഗതികൾ Rules of Business പ്രകാരം റവന്യൂ വകുപ്പുമന്ത്രിയാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. ധനകാര്യ വകുപ്പുമന്ത്രി 2-ാം നമ്പർ മണി ബില്ലായിട്ടാണ് ഭൂമി സംബന്ധമായ ഭേദഗതി സഭയിൽ അവതരിപ്പിച്ചത്. ഭരണഘടനയിലെ ആർട്ടിക്കിൾ 199-ൽ മണി ബില്ലിനെക്കുറിച്ച് വ്യക്തമായ നിർവ്വചനം നൽകിയിട്ടുണ്ട്. ഈ നിർവ്വചനത്തിന്റെ പരിധിയിൽ ബില്ലിലെ വിഷയം വരുന്നില്ല. പ്രസ്തുത നടപടിക്രമങ്ങളുടെ വീഴ്ചയാണ്. ഭരണഘടനയുടെ ആർട്ടിക്കൾ 199 (2)-ൽ പറയുന്നത് "A Bill shall not be deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licenses or fees for services rendered, or by reason that it provided for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes." എന്നാണ്. ഭരണഘടനാ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ 27-7-2015-ൽ ധനകാര്യ (2-ാം നമ്പർ) ബിൽ എന്നപേരിൽ അവതരിപ്പിച്ച് പാസ്സാക്കിയ ഭൂമി സംബന്ധമായ ബിൽ അവതരണം ക്രമത്തിലല്ലാത്തതിനാൽ പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ക്രമപ്രശ്നം അനവസരത്തിലുള്ള ഒന്നാണ്. കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു മണി ബിൽ അല്ലെന്നാണ് ശ്രീ. സി. ദിവാകരൻ പറയുന്നത്. സഭയിൽ അവതരിപ്പിച്ച ഒരു ബിൽ ഒരു മണി ബിൽ ആണോ അല്ലയോ എന്ന് ഉന്നയിക്കാനുള്ള ഒരംഗത്തിന്റെ അവകാശം പ്രസ്തുത ബിൽ സഭയിൽ ഇൻട്രൊഡ്യൂസ്ചെയ്യുന്ന സമയത്താണ്. ഇപ്പോൾ ആ സമയമല്ല. പ്രസ്തുത ബിൽ 22-3-2015-ലാണ് സഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം 23-7-2015-ൽ സഭ പ്രസ്തുത ബിൽ പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ 27-ാം തീയതി സഭ പരിഗണിച്ചു, സുദീർഘമായ ചർച്ചയ്ക്കുശേഷം പാസ്സാക്കി. ഈ അവസരത്തിലൊന്നും ബഹുമാനപ്പെട്ട മെമ്പർ ഇത്തരമൊരു ക്രമപ്രശ്നം ഉന്നയിച്ചില്ല. സഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ അനുമതിയോടെ നിയമസഭയുടെ ആക്ടായി കഴിഞ്ഞ ദിവസം

പ്രസിദ്ധീകരിക്കപ്പെട്ടു. മണി ബിൽ ഏതെല്ലാമെന്ന് ഭരണഘടനയുടെ 199(1)-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആർട്ടിക്കിൾ 199(3) അനുസരിച്ച് ഒരു ബിൽ മണി ബിൽ ആണോ അല്ലയോ എന്ന ഏതെങ്കിലും ഒരു പ്രശ്നം ഉണ്ടാവിക്കുകയാണെങ്കിൽ അതിന്മേൽ നിയമസഭാ സ്പീക്കറുടെ തീരുമാനം അന്തിമമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമസഭ പാസ്സാക്കി, ഗവർണ്ണറുടെ അനുമതി ലഭിച്ച്, നിയമം ആയതിനാൽ ഈ വിഷയം ഇപ്പോൾ പുനഃപരിശോധിക്കേണ്ട ആവശ്യമില്ല. ബഡ്ജറ്റിലെ ധനകാര്യ നിർദ്ദേശങ്ങളാണ് ഫിനാൻസ് ബില്ലിൽ കൊണ്ടുവരുന്നത്. അതിൽ നികുതി നിർദ്ദേശങ്ങൾ, ചുങ്കം പിരിക്കൽ, സെസ്സ് പിരിക്കൽ, ഫീസ് പിരിക്കൽ എന്നിവയുമുണ്ടാകും. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മലയാളത്തിൽ ആയതുകൊണ്ടാണ് 2-ാം നമ്പർ ഫിനാൻസ് ബിൽ മലയാളത്തിൽ കൊണ്ടുവന്നത്. അതിൽ ഫീസ് എന്ന് പരാമർശിക്കുന്നത് നികുതി തന്നെയാണ്. സഭയ്ക്കകത്ത് ശ്രീ. സി. ദിവാകരൻ എന്നോടു കാണിച്ചുകൊണ്ടിരിക്കുന്ന സൗമനസ്യത്തിന് പ്രത്യേകമായ നന്ദി. പിണക്കമൊക്കെ മാറിയെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ഞാൻ ഉന്നയിച്ചത് പിണക്കം ഇണക്കം എന്നുള്ള കാര്യമല്ല. നഗ്നമായി ഭരണഘടനാ ലംഘനം നടത്തിയതിനെ സംബന്ധിച്ചാണ്. ഇന്ത്യൻ ഭരണഘടനയെ ബൈപ്പാസ് ചെയ്യാൻ ഒരു നിയമവും അനുവദിക്കുന്നില്ല. ഇത് ഭരണഘടനാ ലംഘനമാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. സി. ദിവാകരൻ, ചെയർ അക്കാര്യത്തിൽ റൂളിംഗ് നൽകും.

(മന്ത്രിയുടെ മറുപടി വാസ്തവ വിരുദ്ധമാണെന്നും പ്രസ്തുതനിയമം പാസ്സാക്കിയത് ഭരണഘടനാ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. സി. ദിവാകരൻ സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u> : സർ, ഇതുകൂടി കേട്ടിട്ട് പൊയ്ക്കൊള്ളൂ. Mohammad Syed Siddiq Vs. State of U.P.-എന്ന കേസ്സിലെ 2014-ലെ സുപ്രീംകോടതി വിധിയിൽ അന്ന് ചീഫ് ജസ്റ്റിസായിരുന്ന, ഇപ്പോഴത്തെ കേരള ഗവർണ്ണർ മണി ബിൽ അന്തിമമായാൽ അത് ഒരുതരത്തിലും ചോദ്യം ചെയ്യാൻ പറ്റില്ലായെന്ന് അസന്നിഗ്ധമായി പറയുകയുണ്ടായി. ഭരണഘടനയുടെ 255-ാം അനുച്ഛേദപ്രകാരം ഗവർണ്ണറുടെ അനുമതി ലഭിച്ച ബിൽ സഭയിലെ നടപടിച്ചട്ടങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽപ്പോലും അത് നിയമത്തെ അസാധുവാക്കുകയില്ലെന്ന് പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly